എമ്മാവൂസ്

# വചനദൂത്



## കരുണയുടെ മുഖം

പള്ളിക്കൂദാശക്കാലം രണ്ടാം ഞായർ മത്താ 12:1 – 13

Vol.21 / Issue - 21 / 12 Nov 2017

ബ്ര. ഡോൺ മാതിരപ്പിള്ളി

ഇന്ന് മിശിഹാ തന്റെ മണവാട്ടിയായ സഭയെ പരമപിതാവിന് സമർപ്പിക്കുന്ന, പ്രതിഷ്ഠിക്കുന്ന മഹത്വപൂർണമായ ദിനങ്ങൾ മുൻകൂട്ടി ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന ആരാധന ക്രമവത്സരത്തിലെ പള്ളിക്കൂദാശക്കാലം രണ്ടാം ഞായറാഴ്ചയാണ് ഇന്ന്. സർവ്വതിന്റെയും പ്രതിഷ്ഠകളും സമർപ്പണവും ദൈവതിരുമുമ്പിലാണെന്നിരിക്കെ, അവിടുത്തെ സാന്നിദ്ധ്യാങ്കണത്തിലാണെന്നിരിക്കെ ദൈവസാന്നിദ്ധ്യം ദിവ്യകാരുണ്യമാണെന്ന് സഭാമാതാവ് വിവിധ വായനകളിലൂടെ പഠിപ്പിക്കുന്നു.

ആദ്യവായനയായ പുറപ്പാടിന്റെ പുസ്തകത്തിൽ ദൈവസാന്നിദ്ധ്യത്തിന് മനുഷ്യരോടൊത്ത് വസിക്കാൻ ക്രമമായും ചിട്ടയോടും കൂടെ കൂടാരപ്രതിഷ്ഠ നടത്തുന്ന മോശയെ കാണാനാകും. രാജാക്കന്മാരുടെ പുസ്തകത്തിൽ കർത്താവിന്റെ സാന്നിദ്ധ്യമായ വാഗ്ദാനപേടകം ദേവാലയത്തിലെത്തിച്ച് സോളമൻ നടത്തുന്ന ദേവാലയപ്രതിഷ്ഠാ പ്രാർത്ഥനയാണ് നാം കാണുന്നത്. ഈ ദേവാലയത്തിൽ ദൈവീകസാന്നിധ്യമുണ്ടാകണേയെന്ന് പ്രാർത്ഥിക്കുമ്പോൾ, അടിമത്വത്തിൽ നിന്നും വിമോചിതരായി വാഗ്ദത്ത ഭൂമിയിലേക്ക് സഹചാരിയും സംരക്ഷകനും നായകനുമായി ദൈവം കൂടെയുണ്ടെന്ന് അനുസ്മരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഇന്ന് ഈ ദേവാലയത്തിന്റെ സ്ഥാനത്ത് തിരുസഭയാണുള്ളത്. ഹെബ്രായ ലേഖനത്തിൽ പതിതനും പാവപ്പെട്ടവനും പാർശ്വവൽക്കരിക്കപ്പെട്ടവനുമായ സാധാരണക്കാരന്റെ കൂടെയുള്ള ക്രിസ്തുവെന്ന പ്രധാനപുരോഹിതൻ തിരുസഭയെ സമർപ്പിക്കുന്നു. ദൈവം രൂപപ്പെടുത്തിയ രക്ഷാകരപദ്ധതിയിലൂടെ സഭ മഹത്വത്തിലേക്ക് പ്രവേശിക്കുകയും ക്രിസ്തു ഉടമ്പടിയുടെ മദ്ധ്യസ്ഥനായി നിലകൊള്ളുകയും ചെയ്യുന്നു.

ദേവാലയത്തിലെ ദൈവീകസാന്നിദ്ധ്യമെന്നത് ദിവ്യകാരുണ്യമാണ്. ദൈവം മനുഷ്യനോട്

കാണിച്ച കരുണയുടെ മുഴുവൻ തുകയാണത്. അവഗണിക്കപ്പെടുന്ന സാധാരണക്കാരന്റെ കൂടെ കാരുണ്യമായി ദൈവമുണ്ടെന്ന് ഉറക്കെ പ്രഖ്യാപിക്കുകയാണ് സുവിശേഷത്തിലെ ഈശോ. വയലിലൂടെ നടന്നപ്പോൾ വിശന്ന ശിഷ്യന്മാർ ഗോതമ്പ് പറിച്ച് ഭക്ഷിച്ചു. സാബത്തുദിനം അരുതാത്ത പ്രവൃത്തി ചെയ്തുവെന്ന ആരോപണം ചുമത്തപ്പെട്ട മുക്കുവന്മാരുടെ കൂടെ നിൽക്കുന്ന ദൈവത്തെയാണിവിടെ കാണാൻ സാധിക്കുന്നത്. വിശക്കുന്ന മനുഷ്യന്റെ മുമ്പിൽ ഒരു നിയമപാലകന്റെ വേഷം കെട്ടി നിൽക്കാൻ യേശുവിന് കഴിഞ്ഞില്ല. അവൻ പ്രതികരിച്ചു. അന്യന്റെ മുതൽ അപഹരിച്ചുവെന്നതല്ല ഇവിടെ തെറ്റായിത്തീർന്നത്. വഴിപോക്കർക്കു വിശന്നാൽ ധാന്യവും മുന്തിരിയും പറിച്ചുതിന്നു വിശപ്പടക്കാൻ നിയമം അനുവദിക്കുന്നുണ്ട് (നിയ 23:22-25). എന്നാൽ സാബത്തിൽ കതിർ പറിക്കുന്നതും ഉമി കളയുന്നതും നിഷിദ്ധമെന്ന് യഹൂദർ എഴുതിവച്ചിട്ടുണ്ടായിരുന്നു. ചെറിയവരായ ശിഷ്യന്മാർ ചോദ്യം ചെയ്യപ്പെട്ടപ്പോൾ വലിയവരുടെ നിയമലംഘനങ്ങൾ ചൂണ്ടിക്കാട്ടി ഈശോ പറഞ്ഞുവയ്ക്കുന്നത് നിയമത്തിനപ്പുറം മനുഷ്യന് പ്രാധാന്യമുണ്ടെന്ന വസ്തുതയാണ്. വിശക്കുന്നവനും ദാഹിക്കുന്നവനും നിരാലംബനും ദരിദ്രനുമെല്ലാം വേണ്ടി നിലകൊള്ളുന്നത് നിയമാനുഷ്ഠാനത്തിനപ്പുറമുള്ള ദൈവഹിതമാണെന്നവിടുന്ന് കാണിച്ചുതരുന്നു.

അതുകൊണ്ടും തീർന്നില്ല, കൈശോഷിച്ചവന്റെ നൊമ്പരങ്ങൾക്ക് മുന്നിൽ അലിയുന്ന ഈശോ അപ്പോൾത്തന്നെ അവനെ സുഖപ്പെടുത്തുന്നു. ദേവാലയത്തെക്കാൾ ശ്രേഷ്ഠമായത് ദൈവസാന്നിദ്ധ്യം തന്നെ; ദൈവസാന്നിദ്ധ്യമെന്നാൽ ദൈവകാരുണ്യവും. "ബലിയല്ല കരുണയാണ് ഞാനാഗ്രഹിക്കുന്ന"തെന്ന് പറയുമ്പോൾ ബലി വേണ്ട എന്നല്ല, മറിച്ച് ബലിയുടെ സാരം കരുണതന്നെയായിരിക്കണമെന്നാണ്. മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ അനന്തകാരുണ്യത്തിന്റെ പ്രകടനമായിരുന്നല്ലോ കുരിശിലെ ബലിയർപ്പണം. അതുപോലെ ജീവിതം സമർപ്പിച്ച് ബലിയുടെ ചൈതന്യം പ്രവർത്തിയിൽ കൊണ്ടുവന്ന വി.മദർ തെരേസ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു. "ദിവസവും പ്രഭാതത്തിൽ ഞാൻ ദിവ്യകാരുണ്യ ആരാധന നടത്തും. ദിവ്യകാരുണ്യ അർപ്പണത്തിൽ പങ്കുചേരും. തുടർന്ന് തെരുവോരങ്ങളിൽ കണ്ടെത്തുന്ന അനാഥരിലും കുഷ്ഠരോഗികളിലും കുഞ്ഞുങ്ങളിലും ഞാൻ ദിവ്യകാരുണ്യനാഥനെ ദർശിച്ച് അവരെ ശുശ്രൂഷിച്ച് ഞാൻ എന്റെ ആരാധന നടത്തുന്നു."

പ്രകരണങ്ങളും പ്രകടനങ്ങളുമൊക്കെ നടത്താനായിട്ട് നാം കെട്ടിപ്പടുക്കുന്ന ബാഹ്യസൗധങ്ങളിൽ ദൈവത്തിന്റെ സാന്നിദ്ധ്യമില്ലായെന്നും ആത്മാർത്ഥമായി ചെയ്യുന്ന കരുണയുടെ പ്രവർത്തനത്തിൽ ദൈവം കൂടെയുണ്ടാകുമെന്നും വചനം ഓർമ്മപ്പെടുത്തുന്നു. നമ്മുടെ സാബത്താചരണവും ഞായറാഴ്ചയാചരണവുമൊക്കെ ദേവാലയത്തിൽ വന്ന് കടമ കഴിച്ച് മടങ്ങൽ മാത്രമായിപ്പോകുമ്പോൾ എന്റെ ജീവിതയാത്ര ദൈവവഴിയിൽ നിന്ന് മാറിപ്പോകുന്നുണ്ടെന്ന് തിരിച്ചറിയണം. ദൈവസാന്നിദ്ധ്യമില്ലാത്ത, ദൈവത്തെപ്രതിയല്ലാത്ത എല്ലാ നിയമങ്ങളും വ്യർത്ഥമാണ്. ആചാരങ്ങളെല്ലാം അർത്ഥശൂന്യമാണ്. കാരണം, ദൈവത്തിന്റെ നിയമം, അത് സ്നേഹമാണ്, കാരുണ്യമാണ്, കരുതലാണ്. അതിന്റെ അഭാവത്തെ കാപട്യത്തിന്റെ ഫരിസേയ വിളനിലമെന്ന് വിളിക്കണം.

ഈ വചനഭാഗം ഇന്നിന്റെ ഫരിസേയജീവിതങ്ങൾക്ക് ശക്തമായ താക്കീത് നൽകുന്നുണ്ട്. സ്നേഹവും കാരുണ്യവും മറന്ന് അവ നിഷേധിച്ചുകൊണ്ട് സ്വന്തം സുരക്ഷിതത്വം ഉറപ്പിക്കാൻ നടക്കുന്ന ഇന്നത്തെ സമൂഹത്തെയാണ് ഫരിസേയരെന്ന് വിളിക്കേണ്ടത്. മക്കളുടെ വിശേഷങ്ങളൊക്കെ തിരക്കി, അവരോടൊപ്പം സമയം ചിലവഴിക്കാതെ വലിയ കൊട്ടാരങ്ങൾ കെട്ടിപ്പടുക്കാൻ ഓടുന്ന മാതാപിതാക്കൾ, അരമുറുക്കിയുടുത്തും പകലന്തിയോളം പണിതും അരി മേടിച്ചൂട്ടി വള

ർത്തിയ മാതാപിതാക്കളെ തെരുവോരങ്ങളിലും അഗതിമന്ദിരങ്ങളിലും തള്ളിയിട്ട് പോകുന്ന മക്കൾ, വിഭജിച്ച് വീതം വച്ച് കൽപ്പിച്ചുനൽകിയിരിക്കുന്ന ഡ്യൂട്ടികളിൽ അണുവിട വ്യതിചലിക്കാതെ അഡ്ജസ്റ്റ് ചെയ്യാൻ മടിച്ച് വിവാഹമോചനത്തിലേക്കെത്തി നിൽക്കുന്ന ദമ്പതികൾ, നിയമത്തിന്റെ സുരക്ഷിതത്വത്തിൽ നിന്നുകൊണ്ട് ബോധപൂർവ്വം ചുറ്റുമുള്ളവന്റെ വേദന കണ്ടില്ലെന്ന് നടിക്കുന്ന സമൂഹമാന്യന്മാർ, ഇവരെല്ലാം ആ പഴയ ഫരിസേയരെ ഇന്ന് പ്രതിനിധാനം ചെയ്യുന്നു. പ്രായമേറി, മരണാസന്ന സ്ഥിതിയിൽ കഴിയുന്ന കിടപ്പുരോഗികളായ അപ്പനെയും അമ്മയെയും വീട്ടിൽ തനിച്ചാക്കിക്കൊണ്ട് മണിക്കൂറുകൾ യാത്രചെയ്ത് പ്രശസ്തമായ ധ്യാനങ്ങളിൽ പങ്കെടുക്കാൻ പോകുന്ന മക്കളുടെ ജീവിതത്തിൽ കാരുണ്യവാനായ ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടാകുമോയെന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ദൈവീകകരുണ നിന്നിലേക്ക് വന്നുനിറയാനുള്ള വഴിച്ചാലുകളാണ് പ്രാർത്ഥനയും ധ്യാനവും. അല്ലാതെ നിന്റെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും സുരക്ഷിതത്വത്തിനായി നികത്തേണ്ട വിളനിലങ്ങളല്ല കാരുണ്യത്തിന്റേത്.

ക്രിസ്തുവിന്റെ സുവിശേഷചൈതന്യമുൾക്കൊണ്ട് ജീവിച്ചവരും അതിനെപ്രതി ജീവൻ വെടിഞ്ഞവരുമാണ് രക്തസാക്ഷികൾ. വാഴ്ത്തപ്പെട്ട രക്തസാക്ഷിയായിത്തീർന്ന സി.റാണി മരിയയുടെ ജീവിതം വലിയ സാക്ഷ്യമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. കന്യാസ്ത്രീ മഠത്തിലെ ഭിത്തിയുടെയും പ്രാർത്ഥനകളുടെയും ആരാധനകളുടെയുമൊക്കെ നടുവിൽ സുരക്ഷിതയായിരിക്കാമായിരുന്നിട്ടും പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഇടയിലേക്കിറങ്ങിച്ചെന്ന് കാരുണ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചു. നിയമസംഹിതകൾക്കപ്പുറം സ്നേഹത്തിന്റെ ആഴങ്ങളിലേക്ക് കടക്കാനാവണമെന്ന ക്രിസ്തുസന്ദേശമവളുടെ നെഞ്ചിന്റെ താളമായിരുന്നു. ഇതിനായി ജീവൻ വെടിയാൻ തക്കതായ ധീരതയവൾക്കു ലഭിച്ചത് കാരുണ്യത്തിന്റെ വക്താവായി ജീവിച്ചുകാണിച്ച് ശത്രുവിനെപ്പോലും സ്നേഹിക്കാൻ പഠിപ്പിച്ച ക്രൂശിതനിൽ നിന്നു തന്നെയാണ്. ഇതുപോലെ മനുഷ്യന് മറ്റെന്തിനെയുംകാൾ മഹത്വമുണ്ടെന്ന് ഇതേ ക്രൂശിതനിൽ നിന്ന് മനസ്സിലാക്കി ഇറങ്ങിയ ഫാദർ ഡാമിയൻ മൊളോക്കോയിലെ കുഷ്ഠരോഗികളുടെ പുഴുവരിക്കുന്ന ശരീരത്തിൽപ്പോലും നിയമത്തിന്റെയും അറപ്പിന്റെയും അവഗണനയുടെയും മുഖംമൂടിയില്ലാത്ത സ്നേഹത്തിന്റെ കണ്ണാടികൊണ്ട് നോക്കിയ വ്യക്തിയാണ്. വിശുദ്ധാത്മക്കളെല്ലാം ഇത്തരമൊരു നോട്ടത്തിലേക്ക് നടന്നെത്തിയത് ക്രൂശിതന്റെ ബലിയിലൊഴുകിയ കരുണയക്ക് ഒന്നാം സ്ഥാനം നൽകിയപ്പോഴാണ്, ദൈവവചനത്തിന് പ്രഥമസ്ഥാനം നൽകിയപ്പോഴാണ്, ദൈവാരാധനയുടെ അന്തസത്ത തിരിച്ചറിഞ്ഞപ്പോഴാണ്. നമുക്കും ആരാധനയുടെ അന്തസത്ത മനസ്സിലാക്കി ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നവരാകാം.

മനുഷ്യരെക്കാൾ മതനിയമങ്ങൾ ശക്തിപ്പെടുന്ന ഈ കാലഘട്ടത്തിൽ ദൈവകാരുണ്യത്തിന്റെ ഒരു ജീവിതം, ദിവ്യകാരുണ്യ പ്രേഷിതത്വത്തിനായി ദൈവം നമ്മോടാഹ്വാനം ചെയ്യുന്നു. ബാഹ്യമായവ ശ്രദ്ധിക്കുമ്പോൾ ആന്തരികത കൈമോശം വരാതിരിക്കാൻ പരിശ്രമിക്കാം, സർവ്വോപരി കരുണയുള്ളവരായിരിക്കാം. വയൽ വരമ്പിലെ ഒരു ഗോതമ്പുമണിക്കുവേണ്ടി വിശക്കുന്നവർ ഇന്നും ഏറെയുണ്ട്. അവർക്കായി ഗോതമ്പുമണിയായല്ല. ഗോതമ്പപ്പമായി യേശുവുണ്ട്, നാമാരാധിക്കുന്ന ദിവ്യകാരുണ്യമുണ്ട് എന്ന് മറക്കാതിരിക്കാം. ഈ പ്രത്യാശയിൽ നമ്മുടെ സത്പ്രവൃത്തികൾ കണ്ട് മറ്റുള്ളവർ ദൈവത്തെ മഹത്വപ്പെടുത്താനുതകും വിധം നല്ലവരായി മാറാനുള്ള കൃപയ്ക്കായി വിനയപൂർവ്വം പ്രാർത്ഥിക്കാം. ◆